**പതിനാലാം കേരള നിയമസഭ**

**22ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1323** **18-01-2021-ൽ മറുപടിയ്ക്ക്**

**<u>ചെന്നിത്തല നവോദയ സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉടമകൾക്ക് സാമ്പത്തിക സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2019-ൽ ചെന്നിത്തല നവോദയ സ്കൂളിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഉടമകൾക്ക് സാമ്പത്തിക സഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചെന്നിത്തല നവോദയ വിദ്യാലയത്തിനായി മാവേലിക്കര താലൂക്കിലെ തൃപ്പെരുന്തുറ വില്ലേജിൽ റീ സർവ്വേ 132 / 15 ,133 / 14 ,130 / 20 എന്നിവയിൽ പ്പെട്ട 07 .55 ആർസ് വസ്തു ഏറ്റെടുക്കുന്നതിനായുള്ള സമ്മതപത്രം ഉടമകൾ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക സമർപ്പിച്ചിട്ടുള്ളതാണ്. ഈ ഭൂമി ഏറ്റെടുക്കുന്നത്തിനായുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**(ബി)** ചെന്നിത്തല നാലാം വാർഡിൽ കൊച്ചുകുറ്റിയിൽ കിഴക്കതിൽ വീട്ടിൽ ശ്രീ.സദാനന്ദൻ, ശ്രീമതി രാജമ്മ എന്നിവർ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ തീരുമാനങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ച് മറുപടി നൽകുന്നതാണ്.

**(സി)** ഇവർക്ക് എന്ന് തുക ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** പരിശോധിച്ച് മറുപടി നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**